# <u>തലശ്ശേരി- വളവുപാറ റോഡ് വികസനത്തിനായി തിരുവങ്ങാട്, എരഞ്ഞോളി വില്ലേജുകളിൽ ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് സാമൂഹ്യ ആഘാത പഠനം-</u>

## <u>അന്തിമ റിപ്പോർട്ട്</u>



**തയ്യാറാക്കി സമർപ്പിക്കുന്നത്**

**കണ്ണൂർ**
**30.09.2019**

**ചെയർമാൻ**
**സാമൂഹ്യ ആഘാത പഠന യൂണിറ്റ്**
**(കയ്റോസ്-കണ്ണൂർ)**

**തലശ്ശേരി- വളവുപാറ റോഡ് വികസനത്തിനായി തിരുവങ്ങാട്, എരഞ്ഞോളി വില്ലേജു കളിൽ ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് സാമൂഹ്യ ആഘാത പഠനം- അന്തിമ റിപ്പോർട്ട്**

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിലെ തിരുവങ്ങാട്, എരഞ്ഞോളി വില്ലേജുകളിലൂടെ കടന്നു പോകുന്ന, തലശ്ശേരി-വളവുപാറ റോഡിന്റെ വികസനവും, എരഞ്ഞോളി പുതിയ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സമീപന റോഡുകളും മറ്റ് അനുബന്ധ റോഡുകളും വീതി കൂട്ടി വികസിപ്പിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കേണ്ടി വന്ന തിനാൽ, ഈ ഏറ്റെടുക്കലുമായി ഉണ്ടാകാനിടയുള്ള സാമൂഹ്യ ആഘാതത്തെക്കുറിച്ചുള്ള പഠനം സംബന്ധിച്ചാണ് ഈ റിപ്പോർട്ട് തയ്യാറാക്കുന്നത്.

**ആമുഖം**

കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്ട്, (KSTP) ലോക ബാങ്ക് സഹായത്തോടെ നില വിലുള്ള തലശ്ശേരി- വളവുപാറ റോഡ് വികസിപ്പിച്ച് അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കാനുള്ള പദ്ധതികൾ ദ്രുതഗതിയിൽ നടന്നു വരികയാണ്. കണ്ണൂർ ജില്ലയിലെ തല ശ്ശേരി, കണ്ണൂർ, തളിപ്പറമ്പ്, ഇരിട്ടി എന്നീ പ്രധാന പട്ടണങ്ങളെ കർണ്ണാടക സംസ്ഥാന ത്തിലെ കുടകുമായി ബന്ധപ്പെടുത്തുന്ന അന്തർ സംസ്ഥാന റോഡാണിത്. ഇതിനെ രണ്ട് ഭാഗമായാണ് തിരിച്ചിരിക്കുന്നത്. തലശ്ശേരിയിൽ നിന്ന് മട്ടന്നൂർ വരെ 30 കി. മീറ്ററും, മട്ട ന്നൂരിൽ നിന്ന് വളവുപാറ വരെ 24 കി. മീറ്ററും. ആകെ ഈ റോഡ് 53.14 മീറ്ററാണ്. ഈ റോഡ് തലശ്ശേരി, കൂത്തുപറമ്പ്, മട്ടന്നൂർ, ഇരിട്ടി എന്നീ നഗരസഭാ പ്രദേശത്തു കൂടെ യാണ് കടന്നു പോകുന്നത്. നിലവിലുള്ള റോഡ് പല സ്ഥലത്തും വീതി കുറഞ്ഞതും ദിനംപ്രതി ക്രമാതീതമായി വർദ്ധിച്ചു വരുന്ന ഗതാഗതത്തെ ഉൾക്കൊള്ളാൻ പറ്റാത്ത അവസ്ഥയിലുമാണ്. ഇതുകൊണ്ടു തന്നെ പലപ്പോഴായി ഉണ്ടാകുന്ന ഗതാഗതകുരു ക്കിനെ ഒഴിവാക്കാനായി ഈ റോഡിനെ, അന്തർദേശീയ നിലവാരത്തിലുള്ള ഇരു വരി പാതയാക്കി ഉയർത്തുകയാണ് ലക്ഷ്യം.

മലബാറിലൂടെയുള്ള ഉൾനാടൻ ജലപാതയ്ക്കായി മാഹി പുഴയെ വളപട്ടണം പുഴയു മായി ബന്ധപ്പെടുത്തുന്നതിന്, പെരിങ്ങത്തൂർ പുഴയെ എരഞ്ഞോളി പുഴയുമായി ബന്ധി പ്പിക്കാൻ ഏകദേശം 9 1/2 കി. മീറ്റർ പുതിയ ജലപാതയും, എരഞ്ഞോളി പുഴയെ ധർമ്മടം പുഴയുമായി ബന്ധിപ്പിക്കാൻ 800 മീറ്റർ ജലപാതയും, ധർമ്മടം പുഴയിൽ നിന്ന് കാടാച്ചിറ ചെമ്പിലോട് വഴി വളപട്ടണം പുഴയിലേക്ക് 15 കി. മീറ്റർ പുതിയ ജലപാതയും നിർമ്മിക്കാൻ സർക്കാർ പദ്ധതി ആസൂത്രണം ചെയ്തു നടപ്പിൽ വരുത്താൻ ഉദ്യമിക്കുക യാണ്. അപ്പോൾ നിലവിലുള്ള എരഞ്ഞോളി പാലം ജലഗതാഗതത്തിന് തടസ്സമായി വരു ന്നതിനാൽ ഉയർന്ന ജലനിരപ്പിൽ നിന്നും 5 മീറ്റർ ഉയരത്തിൽ പുതിയ ഒരു പാലം നിർമ്മി ക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചു വരികയാണ്. അങ്ങനെ നിർമ്മാണം പൂർത്തി യാകുന്ന മുറയ്ക്ക് പഴയ പാലം പൂർണ്ണമായും പൊളിച്ചു മാറ്റപ്പെടുമ്പോൾ പഴയ എര ഞ്ഞോളി പാലം വഴിയുള്ള ഗതാഗതം പൂർണ്ണമായും ഇല്ലാതാകുന്നു. കൊളച്ചേരി, ചിറക്ക ര, പെരുന്താറ്റിൽ, കോപ്പാലം എന്നീ ഭാഗങ്ങളിൽ നിന്ന് തലശ്ശേരി നഗരത്തിലേക്ക് വരുന്ന പ്രദേശ വാസികൾ നിലവിൽ പഴയ പാലമാണല്ലോ ഉപയോഗിച്ചു വരുന്നത്. പുതിയ

പാലം, നേരത്തെ സൂചിപ്പിച്ചതു പോലെ ഉയർന്ന ജലനിരപ്പിൽ നിന്നും 5 മീറ്റർ ഉയരത്തിലാകുമ്പോൾ സമീപന റോഡുകൾ പില്ലറുകളിൽ നിർമ്മിക്കപ്പെടുകയും ചെയ്യുമ്പോൾ നിലവിലുള്ള റോഡുകളിലൂടെ വാഹനങ്ങൾ പഴയ പാലത്തിലേക്ക് കടന്നു വരുന്നതു പോലെ പുതിയ പാലത്തിലേക്ക് കയറാൻ സാധിക്കാതെ വരുന്നതിനാൽ, ഈ റോഡുകളെ പുതിയ പാലത്തിന്റെ രണ്ട് ഭാഗത്തേക്കും ബന്ധപ്പെടുത്തേണ്ടിയിരിക്കുന്നു. ആദ്യ ഘട്ടത്തിൽ ഉയർന്ന ജലനിരപ്പിൽ നിന്നും 1.7 മീറ്റർ ഉയരത്തിലാണ് പാലം നിർമ്മാണം ഉദ്ദേശിച്ചിരുന്നുവെങ്കിലും ഉൾനാടൻ ജലഗതാഗതം സുഗമമാക്കുന്നതിന് അനുയോജ്യമായ രീതിയിൽ ഉയരം വർദ്ധിപ്പിക്കേണ്ടി വരുമ്പോഴാണ് റോഡ് വികസനം ആവശ്യമായി വരുന്നത്.

ഇതിനായി തിരുവങ്ങാട് വില്ലേജിലെ 0.0650 ഹെക്ടറും, എരഞ്ഞോളി വില്ലേജിലെ 0.0503 ഹെക്ടർ സ്ഥലവുമാണ് ഏറ്റെടുക്കപ്പെടേണ്ടിയിരിക്കുന്നത്.

## ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിവരം

തലശ്ശേരി- വളവുപാറ റോഡിന്റെ, എരഞ്ഞോളി പാലത്തോടു ചേർന്നുള്ള റോഡിന്റെ വികസനത്തോടൊപ്പം, കണ്ണൂരിലൂടെയുള്ള ഉൾനാടൻ ജലഗതാഗത പാത പ്രവർത്തനക്ഷമമാക്കുന്നതോടെ, ഉയരം കുറഞ്ഞ നിലവിലുള്ള എരഞ്ഞോളി പാലത്തിനു പകരം പുതിയ പാലം ഉണ്ടാക്കുകയും, അതുവഴി ഈ ഭാഗത്തേക്ക് വിനോദ സഞ്ചാരികളുടെ വരവ് കൂടുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. പഴയ എരഞ്ഞോളി പാലം പൊളിച്ച്, നേരത്തെ സൂചിപ്പിച്ചതു പോലെ ഉയരത്തിൽ ഫ്ളൈ ഓവർ പോലെ പുതിയ പാലം നിർമ്മിക്കപ്പെടുന്നതോടെ പഴയ റോഡുകൾക്ക് പുതിയ പാലവുമായി ബന്ധപ്പെടണമെങ്കിൽ പുതുക്കി നിർമ്മിക്കേണ്ടി വരുന്നു. അതിനാൽ ഈ റോഡുകളുടെ വീതി കൂട്ടുന്നതിനും ഈ സ്ഥലം ഏറ്റെടുക്കൽ ഉപകരിക്കും. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിശദ വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | ജില്ല | താലൂക്ക് | വില്ലേജ് | സർവ്വേ നമ്പർ | തരം | വിസ്തീർണ്ണം |
|---|---|---|---|---|---|---|
| 1 | കണ്ണൂർ | തല ശ്ശേരി | തിരുവ ങ്ങാട് | 87,89,101,103,104/2,242,251 | തോട്ടം | 0.0650 ഹെക്ടർ |
| 2 | കണ്ണൂർ | തല ശ്ശേരി | എരഞ്ഞോളി | 70 | തോട്ടം | 0.0503 ഹെക്ടർ |

മേൽ കാണിച്ച, തിരുവങ്ങാട് വില്ലേജ് പരിധിയിലുള്ള സ്ഥലങ്ങൾ റോഡിനോട് ചേർന്ന് പല ഭാഗത്തായി കിടക്കുന്നു. എരഞ്ഞോളി വില്ലേജിലെ സ്ഥലം റോഡിനോട് ചേർന്നുള്ള വെള്ളക്കെട്ടാണ്. പട്ടികയിൽ ഇത് തോട്ടം എന്ന് കാണിച്ചിരിക്കുന്നു.

## പകരം ഭൂമി ലഭ്യത

തലശ്ശേരി- വളവുപാറ റോഡിന്റെ ഭാഗമായി എരഞ്ഞോളി പുതിയ പാലത്തിന്റെ ഇരു ഭാഗത്തേക്കും വരുന്ന റോഡുകൾ വീതി കൂട്ടുന്നതിനായാണ് ഭൂമി ഏറ്റെടുക്കുന്നത്. റോഡ് വീതി കൂട്ടുന്നതിന് റോഡിനോട് ചേർന്നുള്ള സ്ഥലം മാത്രമേ ഉപകരിക്കൂ. ഏറ്റവും അനുയോജ്യവും, മറ്റ് സാരമായ ചമയങ്ങൾ ഒന്നുമില്ലാത്തതാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി. അതിനാൽ തന്നെ പകരം ഭൂമി ലഭിക്കുക എന്നത് പ്രായോഗികമല്ല.

## ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിനാണോ

തലശ്ശേരി- വളവുപാറ റോഡ് വികസനത്തിന്റെ ഭാഗമായിും ഉൾനാടൻ ജലഗതാഗത പാത വികസനത്തിന്റെ ഭാഗമായും നിലവിലുള്ള എരഞ്ഞോളി പാലത്തിനു പകരം പുതിയ ഉയരം കൂടിയ പാലം നിർമ്മിക്കപ്പെടുന്നതോടെ നിലവിൽ കൂത്തുപറമ്പ്, തലശ്ശേരി ഭാഗങ്ങളിലേക്കുള്ളതും കൊളച്ചേരി, ചിറക്കര, പെരുന്താറ്റിൽ, കോപ്പാലം ഭാഗങ്ങളിലേക്ക് ഉള്ളതുമായ നിലവിലുള്ള റോഡുകളിലൂടെ ഗതാഗതം സാദ്ധ്യമല്ലാത്ത അവസ്ഥ വരും. ഈ റോഡിലൂടെയുള്ള ഗതാഗതം പുനസ്ഥാപിക്കുന്നതിനു വേണ്ടി ഇവയുടെ വീതി കൂട്ടുന്നതിനാണ് എരഞ്ഞോളി, തിരുവങ്ങാട് വില്ലേജുകളിലെ മുൻപ് ഏറ്റെടുക്കാൻ വിട്ടു പോയ ഭാഗങ്ങൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. പഴയ എരഞ്ഞോളി പാലവുമായി ബന്ധപ്പെടുന്ന റോഡുകളുടെ നവീകരണമാണ് പ്രധാന ലക്ഷ്യം. തലശ്ശേരി- വളവുപാറ റോഡ് അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തപ്പെടുമ്പോൾ, പഴയ എരഞ്ഞോളി പാലവുമായി ബന്ധപ്പെടുന്ന, കൊളച്ചേരി, ചിറക്കര, പെരുന്താറ്റിൽ, കോപ്പാലം റോഡുകളുടെ വികസനവും ഇതോടനുബന്ധമായി നടക്കുന്നു. ഇവയൊക്കെ ഇവിടുത്തെ പൊതുജനങ്ങളുടെ സൗകര്യാർത്ഥമാണ്. അവർക്ക് പ്രയാസ രഹിതമായി യാത്ര ചെയ്യാനും ഗതാഗത കുരുക്കുമൂലം നഷ്ടപ്പെടാനിടയുള്ള സമയം ലാഭിക്കാനും ഈ പദ്ധതി മൂലം സാധിക്കുന്നു. അതായത് ഈ റോഡ് വികസനം പൊതുജന സമൂഹത്തിന്റെ പൊതു ആവശ്യത്തിനാണ്.

അതുപോലെ തന്നെ ഈ ഭൂമി ഏറ്റെടുക്കലിന്റെ അർത്ഥനാധികാരി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി. ഡബ്ല്യു.ഡി, കെ.എസ്.ടി.പി ഡിവിഷൻ കണ്ണൂർ ആണ്. കെ. എസ്. ടി. പി ഡിവിഷൻ, പൊതുമരാമത്ത് വകുപ്പിന്റെ ഭാഗം തന്നെയാണ്. സർക്കാർ ഫണ്ട് ഉപയോഗിച്ചാണ് പി.ഡബ്ല്യു.ഡി. അതിന്റെ മരാമത്ത് പണികൾ നടത്തി വരുന്നത്. എന്നാൽ നിലവിലുള്ള വാഹനപ്പെരുപ്പത്തിന് ആനുപാതികമായി റോഡ് വികസനം സാധ്യമാകണമെങ്കിൽ ലോകബാങ്ക് പോലുള്ള സ്ഥാപനങ്ങളിൽ നിന്ന് വായ്പാസൗകര്യം ലഭ്യമാക്കപ്പെടേണ്ടതുണ്ട്. സർക്കാർ വകുപ്പുകൾക്ക് ഇതിന് പരിമിതികൾ ഉള്ളതിനാൽ ഇത്തരം ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സർക്കാർ രൂപീകരിച്ച പ്രൊജക്ട് വിഭാഗമാണ് കെ.എസ്.ടി.പി ഡിവിഷൻ. അതായത് അർത്ഥന നടത്തിയിരിക്കുന്നത് സർക്കാർ തന്നെയാണ്. ഈ ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് പൊതു ജന സൗകര്യാർത്ഥവും ഏറ്റെടുക്കുന്നത് സർക്കാർ സ്ഥാപനവുമാണ്. അതിനാൽ തന്നെ ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിന് തന്നെയാണ്.

## ഭൂമിയുടെ സ്വഭാവം



റോഡ് വികസനത്തിനായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് തിരുവങ്ങാട് വില്ലേജിലെ 0.0650 ഹെക്ടർ ഭൂമിയും എരഞ്ഞോളി വില്ലേജിലെ 0.0503 ഹെക്ടർ ഭൂമിയുമാണ്. തിരുവങ്ങാട് വില്ലേജിൽ, നിലവിലുള്ള റോഡിന്റെ ഇരുവശത്തുമായി വ്യത്യസ്ത മായ സ്ഥലങ്ങളിലാണ് ഭൂമിയുള്ളത്. ഇത് തോട്ടം വിഭാഗത്തിൽപ്പെടുന്നു. എര ഞ്ഞോളി വില്ലേജിലെ സ്ഥലം ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള എര ഞ്ഞോളി മത്സ്യ ഫാമിന്റെ ഭാഗമായിട്ടുള്ള താണ്. ഇത് വെള്ളക്കെട്ടാണ്.

## ഭൂമിയുടെ ഉടമസ്ഥർ

മുകളിൽ സൂചിപ്പിച്ചതുപോലെ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം തിരുവങ്ങാട്, എര ഞ്ഞോളി വില്ലേജുകളിലാണ്. തിരുവങ്ങാട് ഭാഗത്തുള്ളത് റോഡ് വികസനത്തിനായി ആദ്യഘട്ടത്തിൽ ഏറ്റെടുക്കുമ്പോൾ വിട്ടുപോയതും സ്വകാര്യ വ്യക്തികളുടെയും, മുൻസിപ്പാലിറ്റിയുടെയും അധീനതയിലുള്ള സ്ഥലമാണ്. എരഞ്ഞോളി ഭാഗത്തേത് മത്സ്യവകുപ്പിന്റെ കീഴിലുള്ളതുമാണ്.

| ക്രമ നമ്പർ | അംശം/ ദേശം | സർവ്വേ നമ്പർ | വ്സ്തീർണ്ണം | ഉടമസ്ഥന്റെ പേര് |
|---|---|---|---|---|
| 1 | തിരുവങ്ങാട് | 87 | | |
| 2 | തിരുവങ്ങാട് | 89 | | |
| 3 | തിരുവങ്ങാട് | 101 | | |
| 4 | തിരുവങ്ങാട് | 104/2 | 0.0650 ഹെക്ടർ | റോഡ് പുറമ്പോക്ക് |
| 5 | തിരുവങ്ങാട് | 103 | | |
| 6 | തിരുവങ്ങാട് | 101/1 | | കണ്ട്യൻ കോട്ടായി ദേവു |
| 6 | തിരുവങ്ങാട് | 242 | | ഡോ. രാജശേഖരൻ |
| 7 | തിരുവങ്ങാട് | 251 | | |
| 8 | എരഞ്ഞോളി | 70 | 0.0503 ഹെക്ടർ | ഫിഷറീസ് വകുപ്പ് |

**കൃഷികൾ**

തിരുവങ്ങാട് വില്ലേജിൽപ്പെട്ട, ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലം, റോഡിനോട് ചേർന്നു കിടക്കുന്നതും റോഡിലേക്കുള്ള പൊതുവഴിയുടെയും വീടുകളിലേക്കുള്ള സ്വകാര്യ റോഡിന്റെയും ഭാഗമാണ്. ഇവിടെ യാതൊരു തരത്തിലുള്ള കൃഷിയോ, ചമയങ്ങളോ ഇല്ല. അതു പോലെ തന്നെ എരഞ്ഞോളി വില്ലേജിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഫിഷറീസ് വകുപ്പിന്റെ സ്ഥലത്തും യാതൊരു തരത്തിലുള്ള കൃഷിയും ഇല്ല. ഇത് മത്സ്യം വളർത്തുന്ന ഫാമിന്റെ റോഡിനോടു ചേർന്നു കിടക്കുന്ന ഭാഗമാണ്

**സ്ഥാപനങ്ങൾ**

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ഒരു തരത്തിലുമുള്ള സ്ഥാപനങ്ങളുമില്ല.

**സാമൂഹ്യ ആഘാത പഠന യൂണിറ്റിന്റെ ഘടന**

തലശ്ശേരി- വളവുപാറ റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് തിരുവങ്ങാട്, എരഞ്ഞോളി വില്ലേജുകളിൽപ്പെട്ട ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് കണ്ണൂർ ജില്ലാ കളക്ടറുടെ 16.06.2019ലെ DCKNR/1917/19/C2 നമ്പർ നടപടി പ്രകാരം ചുമതലപ്പെടുത്തിയിരിക്കുന്നത് കയ്റോസ് കണ്ണൂരിനെയാണ്. ഇതുസംബന്ധിച്ച് ഔദ്യോഗിക വിജ്ഞാപനം 2019 ആഗസ്ത് 28-ാം തീയ്യതിയിലെ 1997-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**പഠന യൂണിറ്റിന്റെ ഘടന താഴെ കാണിച്ചിരിക്കുന്നു**

| ക്രമ നമ്പർ | പേര് | പദവി |
|---|---|---|
| 1 | ശ്രീ. ഷൈജു പീറ്റർ (സോഷ്യോളജിസ്റ്റ്) | ചെയർമാൻ |
| 2 | ശ്രീ. കെ. വി ചന്ദ്രൻ(റിട്ട. ഫിഷറി ഡവ. ഓഫീസർ) | അംഗം |
| 3 | ശ്രീമതി ജെസ്സി റെജി (ഡി.റ്റി. പി ഓപ്പറേറ്റർ) | അംഗം |
| 4 | ശ്രീ. വിനു | ഓഫീസ് അസിസ്റ്റന്റ് |

**പഠനോപാധികൾ**

തലശ്ശേരി- വളവുപാറ റോഡ് വികസനത്തിനോടനുബന്ധിച്ച് എരഞ്ഞോളി പാലം മുതൽ കോപ്പാലം, കൊളച്ചേരി, ചിറക്കര, പെരുന്താറ്റിൽ എന്നീ സ്ഥലങ്ങളിലേക്കുള്ള റോഡുകളുടെയും, കൂത്തുപറമ്പ്, തലശ്ശേരി റോഡുകളുടെയും വികസനത്തിനായി എരഞ്ഞോളി പാലത്തിന്റെ ഇരു ഭാഗത്തായി തിരുവങ്ങാട്- എരഞ്ഞോളി വില്ലേജുകളിൽപ്പെടുന്ന സ്ഥലങ്ങളാണ് ഏറ്റെടുക്കപ്പെടേണ്ടിയിരിക്കുന്നത്. ഈ റോഡിനോട് ചേർന്ന് ഭൂരിഭാഗവും മുൻസിപ്പാലിറ്റിയുടെ അധീനതയിലും, ഫിഷറീസ് വകുപ്പിന്റെ അധീനതയിലുമാണ്. രണ്ട് സ്വകാര്യ വ്യക്തികളുടെ ഭൂമിയും ഏറ്റെടുക്കപ്പെടേണ്ടതായിട്ടുണ്ട്. ഈ മൂന്ന് വിഭാഗത്തിലുള്ളവരെയും നേരിൽ കണ്ട് കാര്യങ്ങൾ പഠിച്ചാണ് റിപ്പോർട്ട് തയ്യാറാ

ക്കിയിട്ടുള്ളത്. അതിനാൽ തന്നെ മറ്റ് പഠനോപാധികൾ ഒന്നു തന്നെ ഉപയോഗിക്കേണ്ട തായി വന്നിട്ടില്ല.

**<u>ബന്ധപ്പെട്ടവരെ കേൾക്കൽ- അഭിപ്രായങ്ങളും നിർദ്ദേശങ്ങളും</u>**

തലശ്ശേരി-വളവുപാറ റോഡിന്റെ എരഞ്ഞോളി പാലത്തിന്റെ ഇരു ഭാഗത്തുമായി തിരുവ ങ്ങാട്, എരഞ്ഞോളി വില്ലേജുകളിൽപ്പെട്ട സ്ഥലമാണ് ഏറ്റെടുക്കപ്പെടേണ്ടത്. ഇതിൽ തിരുവങ്ങാട് വില്ലേജിലെ 0.0650 ഹെക്ടർ സ്ഥലത്തിൽ റീ. സ. 242 ൽപ്പെട്ടതും, ആദ്യ ഘട്ടത്തിൽ ഏറ്റെടുത്തപ്പോൾ ഒഴിഞ്ഞു പോയതുമായ ഏകദേശം 40.47 സ്ക്വയർ മീറ്റൽ പൊതുവഴി കഴിഞ്ഞ് ബാക്കി ഡോ. രാജശേഖരന്റേതാണ്. ശ്രീമതി കണ്ട്യൻ കോട്ടായി ദേവുവിന്റെ കൃത്യമായി അളന്ന് തിട്ടപ്പെടുത്താത്ത സ്ഥലവും ഏറ്റെടുക്കപ്പെടാൻ സാദ്ധ്യത ഉണ്ട്. ബാക്കിയുള്ള സ്ഥലം തലശ്ശേരി മുൻസിപ്പാലിറ്റിയുടെ കൈവശമാണ്. എരഞ്ഞോളി വില്ലേജിലെ സ്ഥലം ഫിഷറീസ് വകുപ്പിന്റെ അധീനതയിലുമാണ്. ഈ അവകാശികൾക്ക് ഭൂമി ഏറ്റെടുക്കലുമായി എന്തെങ്കിലും ആക്ഷേപമോ, അഭിപ്രായമോ അറിയിക്കാനുണ്ടെങ്കിൽ പൊതു കേൾക്കലിനായി യോഗം 17.09.2019 ന് ചൊവ്വാഴ്ച രാവിലെ 11 മണിക്ക് എരഞ്ഞോളിയിലുള്ള ഫിഷറീസ് ഫാം ഓഫീസിൽ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ ഭൂ ഉടമകളുടെ ഭാഗത്ത് നിന്ന് ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെയും ഡോ. രാജശേഖരന്റെയും പ്രതിനിധികളും കെ.എസ് ടി.പി യുടെ പ്രതിനിധിയും കെ.എസ് ടി.പി ഭൂമി ഏറ്റെടുക്കൽ വിഭാഗം തഹസിൽദാരുടെ പ്രതിനിധികളും ഫാം മാനേജരും പങ്കെടുത്തിരുന്നു. സാമൂഹ്യ ആഘാത പഠന യൂണിറ്റ് അംഗം ശ്രീ കെ വി ചന്ദ്രൻ യോഗത്തിൽ പങ്കെടുത്തവരെ സ്വാഗതം ചെയ്യുകയും ഇന്നത്തെ യോഗത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ച് വ്യക്തമാക്കുകയും ചെയ്തു. തുടർന്ന് പദ്ധതിയെക്കുറിച്ച് അർത്ഥനാധികാരിയുടെ പ്രതിനിധിയായ ശ്രീമതി ജിജി (സോഷ്യോളജിസ്റ്റ്) വിശദീകരിച്ചു. സ്വകാര്യ വ്യക്തികളുടെ പ്രതിനിധി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം വിലകൊടുത്ത് വാങ്ങിയതായതിനാൽ ന്യാമായ വില ലഭിക്കണം എന്ന് ആവശ്യപ്പെട്ടു. ഫിഷറീസ് വകുപ്പിന്റെ, നിർദ്ദിഷ്ട സ്ഥലത്ത് ആരംഭിക്കാനിരിക്കുന്ന നിർമ്മാണ പ്രവർത്തനത്തിൽ ചില മാറ്റങ്ങൾ വരുത്തിയതായി അറിയിച്ചു. മറ്റ് അഭിപ്രായങ്ങൾ ഒന്നും തന്നെ യോഗത്തിൽ ഉയർന്നു വന്നിരുന്നില്ല. യോഗം 2 മണിക്ക് അവസാനിച്ചു. യോഗ നടപടി ക്രമം ഈ റിപ്പോർട്ടിനോടൊപ്പം അടക്കം ചെയ്തിട്ടുണ്ട്.



**<u>പദ്ധതിയുടെ സാമൂഹ്യ ആഘാതങ്ങൾ</u>**

**<u>1. തൊഴിലിനുണ്ടാകുന്ന ആഘാതം</u>**

തിരുവങ്ങാട് വില്ലേജിലെ 0.0650 ഹെക്ടർ സ്ഥലം നിലവിലുള്ള റോഡിന്റെ ഭാഗമോ റോഡിലേക്കുള്ള പൊതു വഴിയുടെ ഭാഗമോ ആണ്. ഇതിൽ ഡോ. രാജശേഖരന്റെ അല്പം സ്ഥലവുംപെടുന്നു. ശ്രീമതി കണ്ട്യൻ കോട്ടായി ദേവുവിന്റെ അല്പം സ്ഥലം കൂടി ഏറ്റെടുക്കപ്പെടാൻ സാദ്ധ്യതയുണ്ട്. ഈ സ്ഥലമെല്ലാം തോട്ടം വിഭാഗത്തിൽപ്പെടുന്നുവെങ്കിലും യാതൊരു തരത്തിലുള്ള ചമയങ്ങളും ഇല്ല. അതിനാൽതന്നെ ഈ സ്ഥലത്തെ ആശ്രയിച്ച് ആരും തന്നെ ഒരു തരത്തിലുള്ള തൊഴിലിലും ഏർപ്പെട്ടിട്ടില്ല. എരഞ്ഞോളി വില്ലേജിലെ 0.0503 ഹെക്ടർ സ്ഥലം റോഡിനോടുചേർന്നുള്ള ഫിഷറീസ് വകുപ്പിന്റെ എരഞ്ഞോളി ഫിഷ് ഫാമിന്റെ ഭാഗമായുള്ള വെള്ളക്കെട്ടാണ്. മൊത്തം 27.7 ഏക്കർ വിസ്തീർണ്ണമുള്ള ഫാമിന്റെ 12.42 സെന്റ് ഏറ്റെടുക്കുമ്പോൾ തൊഴിലിന് യാതൊരു കോട്ടവും സംഭവിക്കുന്നില്ല. പൊതുവെ, ഈ സ്ഥലം ഏറ്റെടുക്കുന്നതിലൂടെ തൊഴിലിന് ആഘാതമുണ്ടാകുന്നില്ല എന്നറിയിക്കുന്നു.

**<u>2. വരുമാനത്തിനുള്ള ആഘാതം</u>**

മുകളിൽ സൂചിപ്പിച്ചതു പോലെ തിരുവങ്ങാട് വില്ലേജിൽപ്പെട്ട സ്ഥലത്ത് നിന്ന് വരുമാനം ലഭിക്കുന്ന തരത്തിൽ ഫലവൃക്ഷങ്ങളോ, മറ്റെന്തിങ്കിലുമോ ഇല്ല എന്നറിയിക്കുന്നു. എരഞ്ഞോളി ഭാഗത്ത് റോഡിനോട് ചേർന്ന് ഫാം ഭാഗത്ത് വെള്ളക്കെട്ട് മാത്രമാണ്. റീ. സ. 70 ന്റെ വടക്കു ഭാഗത്ത് ഒരു പടുമരം മാത്രമാണുള്ളത്. എരഞ്ഞോളി ഫാമിന്റെ മത്സ്യ കൃഷിയെയോ, മത്സ്യ സമ്പത്തിനെയോ ഈ സ്ഥലമെടുപ്പ് സാരമായി ബാധിക്കുന്നില്ല. അതിനാൽ തന്നെ വരുമാനത്തിന് ആഘാതമുണ്ടാകുന്നില്ല എന്നറിയിക്കുന്നു. ഇവിടെ നിർമ്മിക്കാനുദ്ദേശിക്കുന്ന ഇൻഡോർ ഹാച്ചറിയുടെ നിർമ്മാണപ്രവർത്തനത്തിൽ ചില മാറ്റങ്ങൾ വരുത്താൻ തീരുമാനിക്കപ്പെട്ട സാഹചര്യത്തിൽ വകുപ്പിന്റെ വരുമാനത്തെയും ബാധിക്കുന്നില്ല.

**<u>3. പാരിസ്ഥിതിക ആഘാതം</u>**

തിരുവങ്ങാട് വില്ലേജിൽ ഏറ്റെടുക്കപ്പെടുന്ന സ്ഥലം മുഴുവൻ റോഡിനോട് ചേർന്നു കിടക്കുന്ന തോട്ടം വിഭാഗത്തിലെ സ്ഥലമാണ്. ഈ സ്ഥലം ഏറ്റെടുക്കുന്നതുകൊണ്ട് യാതൊരു തരത്തിലുള്ള പാരിസ്ഥിതിക ആഘാതവും ഉണ്ടാകുന്നില്ല. എന്നാൽ എരഞ്ഞോളി വില്ലേജിൽപ്പെടുന്ന റീ. സ 70 ലെ സ്ഥലം തണ്ണീർത്തടത്തിന്റെ നിർവ്വചനത്തിൽപ്പെടുന്ന സ്ഥലമാണ്. ഇത് ഫിഷറീസ് വകുപ്പിന്റെ മത്സ്യം വളർത്തുന്ന കേന്ദ്രത്തിന്റെ ഭാഗമാണ്. മാർക്ക് ചെയ്യപ്പെട്ട സ്ഥലത്തോടു ചേർന്ന് ഇൻഡോർ ഹാച്ചറി നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ഹാച്ചറി നിർമ്മിതിക്കും റോഡിനുമിടയിലുമുള്ള സ്ഥലമാണ് ഏറ്റെടുക്കപ്പെടുന്നത്. 27.7 ഏക്കർ ഉള്ള ഈ സ്ഥലത്തിന്റെ 0.45 ശതമാനം മാത്രമാണ്. അതുകൊണ്ട് തന്നെ ഈ ഭൂമി ഏറ്റെടുക്കുന്നതു കൊണ്ട് പാരിസ്ഥിതിക ആഘാതം ഒന്നുമുണ്ടാകില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു.

**<u>4. പൊതു ഇടങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന ആഘാതം</u>**

ഏറ്റെടുക്കാനുദ്ദേശിക്കുന്ന തിരുവങ്ങാട് വില്ലേജിൽപ്പെടുന്ന 0.0650 ഹെക്ടർ സ്ഥലത്ത് പൊതു ഇടത്തിന്റെ നിർവ്വചനത്തിൽ വരുന്നത് റോഡിനോട് ചേർന്നു കിടക്കുന്ന തലശ്ശേരി മുൻസിപ്പാലിറ്റിയുടെ ഭാഗമാണ്. അതുപോലെ എരഞ്ഞോളി വില്ലേജിൽ ഏറ്റെടു

ക്കാനുദ്ദേശിക്കുന്ന വെള്ളക്കെട്ടിന്റെ ഭാഗം ഫിഷറീസ് വകുപ്പിന്റെ അധീനതയിലുമാണ്. മറ്റ് നിർമ്മിതികൾ ഒന്നും തന്നെയില്ല. നിർദ്ദിഷ്ട ഉൾനാടൻ വിത്തുല്പാദന കേന്ദ്രത്തിന് വേണ്ടിയുള്ള നിർമ്മാണ പ്രവർത്തനം, ഭൂമി ഏറ്റെടുക്കുന്നതുകൊണ്ട് തടസ്സപ്പെടുന്നില്ല. അതിനാൽ തന്നെ ഈ പ്രക്രിയ കൊണ്ട് പൊതു ഇടങ്ങൾക്കോ, സ്ഥാപനങ്ങൾക്കോ ആഘാതമുണ്ടാകുന്നില്ല എന്ന് അറിയിക്കുന്നു.

**<u>പദ്ധതി സംബന്ധമായ നേട്ടങ്ങൾ ശുപാർശകൾ</u>**

തലശ്ശേരി-വളവുപാററോഡ് വികസനത്തിന്റെഭാഗമായി, കൂത്തുപറമ്പ്, തലശ്ശേരി, കോപ്പാലം- എരഞ്ഞോളി, കൊളച്ചേരി- എരഞ്ഞോളി, ചിറക്കര- എരഞ്ഞോളി, പെരുന്താറ്റിൽ- എരഞ്ഞോളി എന്നീ റോഡുകളുടെ വികസനവും, അതു വഴി ഭാവിയിൽ ഉണ്ടാകാനിടയുള്ള വാഹനപ്പെരുപ്പത്തോടനുബന്ധിച്ചുള്ള ഗതാഗത കുരുക്ക് പരിഹരിക്കാനുമാണ് ഈ സ്ഥലം ഏറ്റെടുക്കുന്നത്. തലശ്ശേരി നഗരത്തോട് ചേർന്നു കിടക്കുന്ന കോപ്പാലം, കൊളച്ചേരി, ചിറക്കര, പെരുന്താറ്റിൽ എന്നീ പ്രദേശത്തെ താമസക്കാർക്ക് ഏറെ ഗുണകരമാണ് ഈ നിർമ്മാണം. തലശ്ശേരി-വളവുപാറ റോഡിന്റെ ഉദ്ദേശ്യം പൂർണ്ണമായും അനുഭവത്തിലെത്തണമെങ്കിൽ പുതിയ എരഞ്ഞോളി പാലത്തിന്റെ നിർമ്മാണവും മേൽ സൂചിപ്പിച്ച റോഡുകളുടെ നവീകരണവും ഒഴിച്ചുകൂടാൻ പറ്റാത്തതാണ്.

ഈ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് തൊഴിലിനോ, വരുമാനത്തിനോ, പരിസ്ഥിതിക്കോ, പൊതുജനങ്ങൾക്കോ, സ്ഥാപനങ്ങൾക്കോ യാതൊരു തരത്തിലുള്ള ആഘാതവും ഉണ്ടാകുന്നില്ല എന്നും, ഭൂമി ഏറ്റെടുക്കൽ പ്രക്രിയ സുഗമമായി മുന്നോട്ടു കൊണ്ടു പോകാവുന്നതാണെന്നും റിപ്പോർട്ട് ചെയ്യുന്നു.

കണ്ണൂർ
30.09.2019

ചെയർമാൻ
സാമൂഹ്യ ആഘാത പഠന യൂണിറ്റ്
(കയ്റോസ്-കണ്ണൂർ)